# കെ.സി. മാധവക്കുറുപ്പ് അവാർഡ് മഹേഷ് ഗുപ്തന്

കോഴിക്കോട്: കാലിക്കറ്റ് പ്രസ്സ് ക്ലബിന്റെ കെ.സി. മാധവക്കുറുപ്പ് അവാർഡിന് മലയാള മനോരമ മലപ്പുറം റിപ്പോർട്ടർ മഹേഷ് ഗുപ്തൻ അർഹനായി. 2008 ഏപ്രിൽ 29 മുതൽ മെയ് 7 വരെ മലയാള മനോരമയിൽ പ്രസിദ്ധീകരിച്ച 'ഞങ്ങളുണ്ട് കൂടെ' എന്ന പരമ്പരയാണ് മഹേഷിനെ അവാർഡിനർഹനാക്കിയത്.

എൻ.പി. ഹാഫിസ് മുഹമ്മദ്, കെ.പി. കുഞ്ഞിമൂസ്സ, എം.സി. വസിഷ്ഠ് എന്നിവരടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റിയാണ് സാന്ത്വന ചികിത്സയെക്കുറിച്ചുള്ള പരമ്പരക്ക് അവാർഡ് നൽകിയത്. 5000 രൂപയും പ്രശസ്തി പത്രവും ഉൾപ്പെടുന്ന അവാർഡ് അടുത്ത മാസം വിതരണം ചെയ്യുമെന്ന് കാലിക്കറ്റ് പ്രസ്സ് ക്ലബ് സെക്രട്ടറി കമാൽ വരദൂർ അറിയിച്ചു.



**കമാൽ വരദൂർ**
സെക്രട്ടറി

22. 05. 2009